മന്ത്രിമാരുടെ എസ്കോർട്ട് വാഹനം മുട്ടിയുണ്ടായ അപകടങ്ങൾ

788. ശ്രീ. കെ. ടി. കുണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നുവർഷക്കാലമായി കേരളത്തിലെ മന്ത്രിമാരുടെ എസ്കോർട്ട് വാഹനങ്ങൾ മുട്ടിയതിന്റെഫലമായി എത്രയാളുകൾ മരിച്ചു; എത്ര ആളുകൾക്ക് പരിക്കേറ്റു ;

(ബി) മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും ധനസഹായങ്ങൾ നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര പേർക്ക്, എത്ര സംഖ്യവീതം നൽകി ?

ഉത്തരം

(എ) 61 പേർക്ക് പരിക്ക് പറ്റുകയും 2 പേർ മരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

ആർ. എസ്. എസ്. ആക്രമണം

789. ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ആർ. എസ്. എസ്. ആക്രമണങ്ങൾ നടന്നിട്ടുണ്ട് ;

(ബി) ആർ. എസ്. എസ്. ആക്രമണംമൂലം മരണമടഞ്ഞവരെത്ര ;

(സി) ഓരോ രാഷ്ട്രീയ പാർട്ടിയിലും പെട്ടവർ എത്ര ?

ഉത്തരം

(എ) 485

(ബി) 23

(സി) കോൺഗ്രസ് : 2
മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് : 18
കേരളാ കോൺഗ്രസ് : 1
സി. പി. ഐ. : 2

നെയ്യാറിൻകര കോടതി

790. ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറിൻകരയിൽ ഒരു സബ് കോടതി തുറക്കുന്നതു സംബന്ധിച്ച് വകുപ്പുമന്ത്രി സഭയിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) അതെപ്പോൾ തുടങ്ങാൻ സാധിക്കുമെന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly